പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം. 2523 17.08.2017 -ൽ മറുപടിക്ക്

## എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി നടപടികൾ

| ചോദ്യം<br>ശ്രീ.കെ. ദാസൻ<br>ശ്രീ.ജോൺ ഫെർണാണ്ടസ്<br>ശ്രീ.സി.കെ. ഹരീന്ദ്രൻ<br>ശ്രീ.കെ.സുരേഷ് കുറുപ്പ് | | ഉത്തരം<br>ശ്രീ.ടി.പി.രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) | |
|---|---|---|---|
| എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതുമായി ബന്ധപ്പെട്ട് എംപ്ലോയ് മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള 35 ലക്ഷത്തോളം തൊഴിലന്വേഷകരുടെ വിവരം digitise ചെയ്ത് e-employment exchange എന്ന ഓൺലൈൻ പോർട്ടൽ മുഖേന 03-05-2017 മുതൽ പൊതുജനങ്ങൾക്ക് ലഭ്യമാക്കിയിട്ടുണ്ട്.<br>www.employment.kerala.gov.in എന്ന വെബ് സൈറ്റ് വഴി എംപ്ലോയ് മെന്റ് എക്സ്ചേഞ്ചുകളിൽ നിന്നും തൊഴിലന്വേഷകർക്ക് ലഭ്യമാക്കുന്ന ഇ സേവനങ്ങൾ എല്ലായ്പ്പോഴും, എവിടെനിന്നും ലഭ്യമാണ്.<br>കേരളത്തിലെ എല്ലാ എംപ്ലോയ് മെന്റ് എക്സ്ചേഞ്ചുകളും പേപ്പർരഹിത ഓഫീസുകളാക്കുക എന്ന ലക്ഷ്യത്തോടുകൂടി ഇ-ഓഫീസ് പദ്ധതി നടപ്പിലാക്കി വരികയാണ്. |

| | | | |
|---|---|---|---|
| | | | 2017-18 പദ്ധതി കാലയളവിന്റെ അവസാനത്തോടെ പ്രസ്തുത പദ്ധതി എല്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലും നടപ്പിലാക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |
| **ബി)** | എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ നിലവിൽ ഏതെല്ലാം സേവനങ്ങളാണ് ഓൺലൈനായി ലഭിക്കുന്നത്; ഓൺലൈൻ സേവനങ്ങൾ പൊതുജനങ്ങൾക്ക് കൂടി ലഭ്യമാക്കുന്നതിനായി ടച്ച് സ്ക്രീൻ കിയോസ്കുകൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | ബി) | രജിസ്ട്രേഷൻ, പുതുക്കൽ, സർട്ടിഫിക്കറ്റ് ചേർക്കൽ, ട്രാൻസ്ഫർ, റീ-രജിസ്ട്രേഷൻ, വ്യക്തിഗത വിവരങ്ങളുടെ അപ്ഡേഷൻ തുടങ്ങിയ എംപ്ലോയ് മെന്റ് എക്സ്ചേഞ്ചുകൾ വഴി പ്രത്യക്ഷമായി നൽകുന്ന എല്ലാ സേവനങ്ങളും ഓൺലൈൻ മുഖേന ലഭ്യമാണ്. ഓൺലൈൻ സേവനങ്ങൾ പൊതുജനങ്ങൾക്ക് കൂടി ലഭ്യമാക്കുന്നതിനായി സെൽഫ് ഓപ്പറേറ്റിംഗ് കിയോസ്കുകൾ സ്ഥാപിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ട്. |
| **സി)** | സേവനങ്ങൾ ഓൺലൈൻ ആക്കുന്നതിലൂടെ സംസ്ഥാനത്തെ സർക്കാർ, അർദ്ധ സർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങളിൽ ഉണ്ടാകുന്ന താൽക്കാലിക/ ദിവസവേതന/ കോൺട്രാക്ട് ഒഴിവുകളും പി.എസ്.സി. മുഖേനയല്ലാതെ നികത്തപ്പെടേണ്ട സ്ഥിരം ഒഴിവുകളും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേന നികത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | സി) | എംപ്ലോയ് മെന്റ് എക്സ്ചേഞ്ചുകൾ വഴിയുള്ള വേക്കൻസി സെലക്ഷൻ പ്രക്രിയ ഓൺലൈൻ ആകുന്നതോടെ എംപ്ലോയ് മെന്റ് എക്സ്ചേഞ്ചുകളിൽ സർക്കാർ, അർദ്ധ സർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങൾ അറിയിക്കുന്ന താൽക്കാലിക/ ദിവസവേതന/കോൺട്രാക്ട് ഒഴിവുകൾക്കും പി.എസ്.സി. മുഖേനയല്ലാതെ നികത്തപ്പെടേണ്ട |

| | | | |
|---|---|---|---|
| | | | സ്ഥിരം ഒഴിവുകൾക്കും കൂടുതൽ വേഗത്തിലും കൃത്യതയോടെയും ഉദ്യോഗാർത്ഥികളെ നാമനിർദ്ദേശം ചെയ്യാനും പ്രസ്തുത വിവരങ്ങൾ ഉദ്യോഗാർത്ഥികൾക്ക് ഓൺലൈൻ പോർട്ടൽ മുഖേന ലഭ്യമാക്കുന്നതിനും സാധിക്കും. |

സെക്ഷൻ ഓഫീസർ